**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 72** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവള വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവള വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ (**Runway End Safety Areas**) വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് എയർപ്പോർട്ട് അതോറിറ്റിക്ക് കൈമാറിയിരുന്നു. റെസ നിർമ്മാണം പുരോഗമിക്കുകയാണ്. |
| (ബി) | വിമാനത്താവളത്തിന്റെ ഏതെങ്കിലും തരത്തിലുള്ള വികസനത്തിന് ഇനിയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | 2047-ഓടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ (റൺവേ 2700 മീറ്ററിൽ നിന്നും 3770 മീറ്റർ വികസനം) എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ സാധ്യതയെക്കുറിച്ച് പരിശോധിച്ചുവരുന്നു. റൺവേ ലീഡ് ഇൻ ലൈറ്റ് (RLIL) & സോളാർ പവേർഡ് ഹസാഡ് ലൈറ്റ് (SPHL) എന്നിവയുടെ നിർമ്മാണത്തിനായി 11.5 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | വിമാനത്താവളത്തിന്റെ പരിസരപ്രദേശത്ത് ലൈഫ് പദ്ധതിയിലെ വീടുകളടക്കം നിർമ്മിക്കുന്നതിന് നിലവിൽ വിമാനത്താവള അധികൃതർ എൻ.ഒ.സി. നൽകാത്തത് മൂലം തദ്ദേശസ്ഥാപന അധികൃതർക്ക് അനുമതി നൽകാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ എൻ.ഒ.സി. നൽകാതിരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | വിമാനത്താവള റൺവേ വികസനത്തിന് പുതുതായി സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ബെൽറ്റ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്ന പ്രൊപ്പോസലിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മാണ നടപടികൾക്കായി 13.11.2023 ന് സ്ഥലപരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 8 മീറ്റർ വീതിയിൽ PWD റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അളന്ന് |

| | | | |
|---|---|---|---|
| | | | തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | വിമാനത്താവള റൺവെയിൽ നിന്നും മഴവെള്ളം കുത്തിയൊലിച്ച് സമീപത്തെ വീടുകളിൽ നാശനഷ്ടം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ